3.	കേന്ദ്ര ഗ്രാന്റുകൾ	490.13	793.31	608.60	,,
4.	പി.ഡി. അക്കൗണ്ട്	59.49	45.72	19.75	,,
(സി)	കുറവ്/കൂടുതൽ	1996-97	1997-98	1998-99	1999-2000
1.	സംസ്ഥാന നികുതി	(-) 50.35	(-) 320.23	(-) 298.46	കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.
2.	നികുതിയിതര വരുമാനം	(-) 37.97	(-) 31.04	(-) 7.15	,,
3.	കേന്ദ്ര ഗ്രാന്റുകൾ	(-) 256.80	(-) 30.90	(-) 153.99	,,
4.	പി.ഡി. അക്കൗണ്ട്	59.49	45.72	19.75	,,

(ഡി) രാജ്യമൊട്ടാകെ 1996-97 മുതൽ അനുഭവപ്പെടുന്ന പൊതുവായ സാമ്പത്തിക മാന്ദ്യവും കാർഷിക വിളകളുടെ വിലയിടിവും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. മരം മുറിക്കുന്നതിന് സുപ്രീം കോടതി ഏർപ്പെടുത്തിയ നിരോധനം നികുതിയിതര വരുമാനത്തിലും കുറവുണ്ടാക്കി. ഗ്രാന്റിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിച്ചത്ര ധനസഹായവും ലഭിച്ചില്ല. ഇതെല്ലാം വരുമാനത്തിൽ കുറവുണ്ടാക്കിയെങ്കിലും സർക്കാരിന്റെ ചെലവിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് വരുമാനത്തിലുള്ള കുറവ് പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക

9 (1832) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ 31 വരെ സംസ്ഥാന സർക്കാരിന്റെ വിവിധ ഇനം നികുതിയിനങ്ങളിലായി എന്തു തുക പിരിച്ചെടുക്കാനുണ്ട്;

(ബി) ഇവയിൽ സെയിൽസ്ടാക്സ്, എക്സൈസ് നികുതി, പൊതു ആദായനികുതി തുടങ്ങി ഓരോ ഇനത്തിലും എത്ര വീതം പിരിഞ്ഞുകിട്ടാനുണ്ട്;

(സി) ഇവയിൽ സ്റ്റേ നൽകിയ വകയിൽ എത്ര കോടി ലഭിക്കാനുണ്ട്; അവ ഏതെല്ലാം;

(ഡി) ഹൈക്കോടതി കേസ് പ്രകാരം പിരിക്കാൻ സാധിക്കാതെ കിടക്കുന്ന തുകയെത്ര; ഇതിൽ അബ്കാരി ഇനത്തിൽ എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ)	വിൽപ്പന നികുതി	984.06 കോടി
	കാർഷികാദായ നികുതി	5.9 കോടി
	അബ്കാരി	196.54 കോടി
	ലാന്റ് റവന്യൂ	22.72 കോടി
	റവന്യൂ റിക്കവറി	808.32 കോടി
	വാഹന നികുതി	252.98 കോടിയും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ ആകെ 2270.52 കോടി രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാനുണ്ട്.

(ബി) വിൽപ്പന നികുതിയിനത്തിൽ 984.06 കോടി രൂപയും എക്സൈസ് നികുതിയിനത്തിൽ 196.54 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്. ആദായനികുതി പിരിവ് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല.

(സി) വിൽപ്പന നികുതിയിനത്തിൽ 101.21 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 11.88 കോടി രൂപയും എക്സൈസ് നികുതിയിനത്തിൽ 120.79 കോടി രൂപയും ലാന്റ് റവന്യൂയിനത്തിൽ 11.61 കോടി രൂപയും റവന്യൂ റിക്കവറിയിനത്തിൽ 675.73 കോടിരൂപയും വാഹനനികുതിയിനത്തിൽ 1.28 കോടി രൂപയും ഉൾപ്പെടെ 922.50 കോടി രൂപ കോടതി, മറ്റ് അധികാരികൾ എന്നിവരുടെ സ്റ്റേമൂലം ലഭിക്കാനുണ്ട്.

(ഡി) കോടതി മറ്റ് അധികാരികൾ എന്നിവർമൂലം ആകെ 922.50 കോടി രൂപയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട്. ഇതിൽ അബ്കാരിയിനത്തിൽ മാത്രം 79.05 കോടി രൂപ ഉണ്ട്.

വിൽപ്പന നികുതിയിൽനിന്ന് ഒഴിവ്

10 (1833) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് വിൽപ്പന നികുതിയിൽനിന്ന് ഒഴിവു നൽകുന്നത്;

(ബി) അഗതികളുടെ സംരക്ഷണാർത്ഥം നടത്തുന്ന സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) അഗതികളുടെ സംരക്ഷണാർത്ഥം സിസ്റ്റേഴ്സ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോതമംഗലം സെന്റ് വിൻസന്റ് പ്രോവിഡന്റ് തൊടുപുഴ ഏറ്റെടുത്തു നടത്തുന്ന കാർമൽ ഫുഡ് ഇൻഡസ്ട്രീസിനെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുമോ?

ഉത്തരം

(എ) പൊതു താൽപ്പര്യം പരിഗണിച്ച് ഒഴിവാക്കപ്പെടേണ്ടതാണെന്ന് ഗവൺമെന്റിന് ബോധ്യപ്പെടുന്ന പക്ഷം കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ 10-ാം വകുപ്പനുസരിച്ചാണ് വിൽപ്പന നികുതി ഒഴിവ് അനുവദിക്കുന്നത്.

(ബി) സ്ഥാപനം ആരു നടത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല നികുതി ഒഴിവ് നൽകുന്നത്. പൊതു താൽപ്പര്യാർത്ഥം ഒഴിവു നൽകാനുള്ള അർഹത ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. 10 ലക്ഷം രൂപവരെ വിറ്റുവരവുള്ള ധർമ്മ സ്ഥാപനങ്ങൾക്ക് നികുതി ഒഴിവുണ്ട്.

(സി) ഉണ്ട്.

(ഡി) അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു തീരുമാനം കൊക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly